# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 193

08.02.2016-ൽ മറുപടിക്ക്

## പാർപ്പിട പദ്ധതി പ്രകാരം വകയിരുത്തിയ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ 1.75 ലക്ഷം കുടുംബങ്ങൾക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാവർക്കും പാർപ്പിട പദ്ധതിയിൻ കീഴിൽ സർക്കാർ വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; സബ്സിഡി നൽകുന്നതിനായി വകയിരുത്തിയിരുന്ന തുക എത്ര; | (എ) തുക വകയിരുത്തിയിട്ടില്ല. പെട്രോൾ, ഡീസൽ വില്പനയിൽ ഒരു രൂപയുടെ അധിക വിൽപ്പന നികുതിയുടെ 50% തുക "എല്ലാവർക്കും വീട്" പദ്ധതിയ്ക്കായി മാറ്റി വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത ഹൗസിംങ് ഫണ്ടുകളിൽ നിന്നും സർക്കാർ വിഹിതമായി എത്ര കോടി രൂപ തിരിച്ചടവിൽ സബ്സിഡിക്ക വേണ്ടി ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്; | (ബി) തുകയൊന്നും പിൻവലിച്ചിട്ടില്ല. |
| (സി) ഈ സർക്കാരിന്റെ സബ് ബഡ്ജററുകളിലായി ഹൗസിംങിനു വേണ്ടി വകയിരുത്തിയ തുകയും, പിൻവലിക്കപ്പെട്ട തുകയും എത്ര വീതം; | (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) നിലവിൽ പാർപ്പിടം ഇല്ലാത്തവർ എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാർപ്പിടമില്ലാത്തവരായി കണക്കാക്കപ്പെട്ടവർ എത്രയായിരുന്നു; | (ഡി) പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം ഭവന നിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013-ലെ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്. |
| (ഇ) ഡീസലിനും പെട്രോളിനും ഒരു രൂപ നിരക്കിൽ അധികമായി പിരിച്ചെടുത്ത നികുതിയിൽ നിന്നും ഹൗസിംങിനായി എത്ര കോടി പിൻവലിക്കുകയുണ്ടായി; പിരിച്ചെടുത്ത അധിക നികുതി എത്ര? | (ഇ) തുകയൊന്നും പിൻവലിച്ചിട്ടില്ല. ഡിസംബർ 2015 വരെ 328.82 കോടി രൂപ അധിക വിൽപന നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ